(എഫ്) 2001, 2002, 2003 എന്നീ വർഷങ്ങളിൽ നൽകാതിരുന്ന ഡി.എ. പൂർവ്വകാല പ്രാബല്യത്തോടെ ആനുപാതിക ക്രമം അനുസരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

(ജി) സംസ്ഥാന ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷനുകൾ സംയുക്തമായി നൽകിയ നിവേദനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എച്ച്) സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ ആന്റ് എഫ്) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) നിവേദനത്തിലെ വിവിധ ആവശ്യങ്ങൾ സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ പരിശോധനയിലാണ്.

(എച്ച്) നടപടി സ്വീകരിക്കുവാൻ ശ്രമിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധനസഹായം

87 [1663] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിനായി 31-5-2004 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ബി) ഇതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) ധനസഹായം അനുവദിച്ച് ഉത്തരവ് ലഭിച്ചതിനുശേഷവും തുക ലഭിക്കുവാൻ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഗുരുതരമായ രോഗ ചികിത്സക്കുപോലും ധനസഹായം വൈകുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം .. 5886
ആലപ്പുഴ .. 3246
കോട്ടയം .. 4625
എറണാകുളം .. 2200
തൃശ്ശൂർ .. 2033
പാലക്കാട് .. 1812
മലപ്പുറം .. 2188
വയനാട് .. 2418
കണ്ണൂർ .. 2220
കാസർഗോഡ് .. 2140
ഇടുക്കി .. 3547
കൊല്ലം
പത്തനംതിട്ട } വിവരം ശേഖരിച്ച് നൽകുന്നതാണ്
കോഴിക്കോട്

(ബി) ധനസഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം .. 5543
ആലപ്പുഴ .. 3214
കോട്ടയം .. 4572
എറണാകുളം .. 1700
തൃശ്ശൂർ .. 3383 (മുമ്പ് ലഭിച്ചവയുൾപ്പെടെ)
പാലക്കാട് .. 1617
മലപ്പുറം .. 2040
വയനാട് .. 1965
കണ്ണൂർ .. 1776
കാസർഗോഡ് .. 1113
ഇടുക്കി .. 3545
കൊല്ലം
പത്തനംതിട്ട } വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്
കോഴിക്കോട്

(സി—ഇ) അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം തുക നൽകുന്നതിനുമുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ 26-12-2003-ലെ ജി.ഒ. (എംഎസ്.) നം. 408/03/റവ ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൂടി സമർപ്പിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly